LIBRARY ARCHIVES Kerala Legislative Assembly

കൊലപാതക കേസുകൾ.

* 1058. [62] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) (1) പനമ്പിള്ളി മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം എത്ര കൊലപാതകകേസുകൾ ഉണ്ടായിട്ടുണ്ടു് ;

(2) എത്ര കേസുകൾ ചാർജ്ജു് ചെയ്യപ്പെട്ടിട്ടുണ്ടു് ;

(ബി) ചാർജ്ജു് ചെയ്യാതെ Undetected ആയിട്ടു് എത്ര എണ്ണം എഴുതിത്തള്ളി ;

(സി) ചേത്തലതാലൂക്കിൽ എത്ര കൊലക്കേസുകൾ ഉണ്ടായിട്ടുണ്ടു് ? കൊല്ലപ്പെട്ടവർ ആരെല്ലാമാണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) (1) 108.
(2) 93.

(ബി) 1. (ഒന്നു്)

(സി) ഒരു കേസും ഉണ്ടായിട്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

കുടിയേറിപ്പാർപ്പു്.

* 1059. [63] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തുനിന്നും ഇതിനകം എത്ര ആളുകൾ മറ്റു സ്ഥലങ്ങളിലേയ്ക്കു് കുടിയേറിപ്പാർക്കുന്നുണ്ടു് ;

(ബി) അങ്ങനെ പോകുന്ന കുടുംബങ്ങൾക്കു് എന്തു ധനസഹായം ഗവണ്മെൻറു് നൽകുന്നുണ്ടു് ;

(സി) കൂടുതൽ കുടുംബങ്ങളെ കുടിപാർപ്പിനു് മറ്റു രാജ്യങ്ങളിലേയ്ക്കു് അയയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 192 കുടുംബങ്ങൾ ഇതിനകം പോയിട്ടുണ്ടു്.

(ബി) ഈ ഗവണ്മെൻറു് യാതൊരു ധനസഹായവും ചെയ്യുന്നില്ല. എന്നാൽ ടി കുടിയേറ്റം ഇൻഡ്യാഗവണ്മെൻറിൻറെ ചില നിശ്ചിതപദ്ധതിയനുസരിച്ചാണു് നടത്തുന്നതു്. അതിൻപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്കു് ലഭിക്കുന്നുണ്ടു്.

(സി) ഉണ്ടു്.

വിദേശമൂലധനംമുടക്കിയ തേയിലത്തോട്ടങ്ങൾ.

* 1060. [64] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹെൽത്തു് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വിദേശമൂലധനം മുടക്കിയിട്ടുള്ള തേയിലത്തോട്ടങ്ങൾ എത്രയെണ്ണം ഉണ്ടു് ;

(ബി) നടപ്പുവർഷത്തിൽ ഇവയിൽ ഏതെങ്കിലും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) നെടുമങ്ങാട്ടതാലൂക്കിലുള്ള ബോണക്കാട്ട്, പൊൻമുടി എന്നീ തോട്ടങ്ങളും, ഉടമകളും കൈമാറ്റം ചെയ്യുന്നതിലേയ്ക്കു ആലോചിച്ചു വരുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈമാറ്റം ചെയ്യപ്പെടുന്ന അവസരത്തിൽ തൊഴിലാളികൾക്കു ന്യായമായി ലഭിക്കേണ്ടുന്ന വീതം മാനേജ്മെൻറിനെകൊണ്ടു് കൊടുപ്പിക്കുന്നതിനു് ഗവണ്മെൻറു ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 89.

(ബി) I പത്രക്കോലതേയിലതോട്ടം (കോട്ടമല) പീരുമേട് താലൂക്കു്.

(സി) കൈമാറ്റം ചെയ്യുന്നതിനു ആലോചിക്കുന്നതായി അറിവില്ല.

Sitaram Spinning and Weaving Mills, Trichur.

* 1061. [65] Shri A. A. D. Luiz: Will the Minister for Industries and Labour be pleased to state whether the Sitaram Spinning and Weaving Mills, Trichur has been working satisfactorily during the past eighteen months?

Minister for Health (Shri A. A. Rahim):

Yes. The net profit earned for the period from 2-11-53 to 31-3-55 after providing for bonus, gratuity, depreciation etc. comes to Rs. 90,728-15-7.

അദ്ധ്യാപകന്മാരുടെ ഒഴിവുകൾ.

* 1062. [66] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷാരംഭത്തിൽ സംസ്ഥാനത്തു പ്രൈമറി സ്കൂളുകളിൽ എത്ര അദ്ധ്യാപകന്മാരുടെ ഒഴിവുകൾ ഉണ്ടായിരുന്നു;

(ബി) വിവാദവർഷത്തിൽ എത്ര പുതിയ നിയമനങ്ങൾ നടത്തിയെന്നും ഇപ്പോൾ എത്ര ഒഴിവുകൾ പൂരിപ്പിക്കാതെ കിടപ്പുണ്ടെന്നും പറയാമോ;

(സി) മാടായിക്കോണം പ്രൈമറി സ്കൂളിലെ അദ്ധ്യാപകന്മാരുടെ ഒഴിവിൽ നിയമനങ്ങൾ നടത്താതിരിക്കാൻ പ്രത്യേകം കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ;

(ഡി) അദ്ധ്യാപകന്മാരുടെ ഒഴിവുകൾമൂലം വിദ്യാഭ്യാസകാര്യത്തിലെ വിഷമത്തെ പരിഹരിക്കാൻ ഗവണ്മെൻറിനു പുതിയതായി എന്തെങ്കിലും നിർദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly